2. ജനറൽ ആശുപത്രി - ആലപ്പുഴ

കൺസൾട്ടന്റ് ജനറൽ മെഡിസിൻ	- 2
കൺസൾട്ടന്റ് ഓർത്തോപീഡിക്സ്	- 1
കൺസൾട്ടന്റ് ഓഫ്താൽമോളജി	- 1
കൺസൾട്ടന്റ് അനസ്തേഷ്യ	- 1
ജൂനിയർ കൺസൾട്ടന്റ് (ഡെന്റൽ)	- 1
ജൂനിയർ കൺസൾട്ടന്റ് (റസ്പിറേറ്ററി മെഡിസിൻ)	- 1
അസിസ്റ്റന്റ് സർജൻ	- 1
അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്റർ, അമ്പലപ്പുഴ	
അസിസ്റ്റന്റ് സർജൻ	- 1

മുകളിൽ പറഞ്ഞ ഒഴിവുകളിൽ ആലപ്പുഴ ജനറൽ ആശുപത്രിയിലെ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ), ജൂനിയർ കൺസൾട്ടന്റ് (റസ്പിറേറ്ററി മെഡിസിൻ), ജൂനിയർ കൺസൾട്ടന്റ് (ഡെന്റൽ), സി.എം.ഒ. അസിസ്റ്റന്റ് സർജൻ ഒഴിവുകളിലേയ്ക്ക് അഡ്ഹോക്ക് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. ചീഫ് കൺസൾട്ടന്റ്, സി.എം.ഒ. തസ്തികകളിലെ ഒഴിവുകൾ ഡിപ്പാർട്ടുമെന്റൽ പ്രമോഷൻ കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ നിലവിലുള്ള ഒഴിവുകളിൽ എല്ലാംതന്നെ അഡ്ഹോക്ക് വ്യവസ്ഥയിലും എൻ.ആർ.എച്ച്.എം. മുഖാന്തിരവും ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പുവരുത്തിയിട്ടുമുണ്ട്.

ആരോഗ്യ വകുപ്പിലെ ഒഴിവുകൾ

116 (781) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിന് കീഴിൽ അനുവദിക്കപ്പെട്ടിട്ടുള്ള നഴ്സിംഗ് ഓഫീസർ, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ, പാർട്ട് ടൈം സ്വീപ്പർ/ക്ലീനർ, റേഡിയേഷൻ ഫിസിസ്റ്റ് എന്നീ തസ്തികകളുടെ അനുവദിക്കപ്പെട്ട എണ്ണം എത്രയാണെന്നും നിലവിൽ എത്രപേർ ജോലി നോക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) നടപടി സ്വീകരിച്ചുവരുന്നു.

ആരോഗ്യമേഖലയിൽ ഫലപ്രദമായ ഫണ്ട് വിതരണം

117 (782) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യമേഖലയിൽ കേന്ദ്ര സർക്കാരിന്റെ പുതിയ ഫണ്ട് വിതരണ മാനദണ്ഡം ആരോഗ്യ-എയ്ഡ്സ് നിയന്ത്രണ പദ്ധതികളെ തകർക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ വിശദമാക്കാമോ ;

(ബി) എങ്കിൽ പ്രസ്തുത ഫണ്ട് വിതരണം ഫലപ്രദമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) അനുവദിക്കുന്ന ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ഡി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നത് ; വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) 2014-15-ൽ അനുവദിച്ച ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചു.

(ഡി) ബാധകമല്ല.

സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവ്

118 (783) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ കുറവ് അനുഭവപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly